COCHIN LEGISLATIVE COUNCIL

Thursday, *the* 25*th of February* 1932.
13*th of Kumbham* 1107.

The House met at half past Eleven of the clock with the Deputy President in the Chair. Messrs. M. A. Chakko, K. G. Nayar, K. T. Mathew, Popatlal Goverdhan Lalan, A. Sankara Menon and P. I. Varugis were absent.

Questions and Answers.

Pulaya Mahajana Sabha.

420. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) കൊച്ചിയിലെ അധഃകൃതരുടെ ഏറ്റവും പൊതുസ്ഥാപനമായ കൊച്ചി പുലയമഹാജനസഭയ്ക്ക് എറണാകുളത്തു് ഒരു ആഫീസു് സ്ഥാപിച്ചു കൊടുക്കാതിരിയ്ക്കുന്നതു് എന്തുകൊണ്ടാകുന്നു;

(ബി) ടി സഭയുടെ സംഘടനയ്ക്കു വേണ്ടി ഒരു സംഘടനാസെക്രട്ടറിയെ കുറെ കാലത്തേക്കു അലവൻസു കൊടുത്തു് നിയമിയ്ക്കാതിരിയ്ക്കുവാൻ കാരണമെന്തു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—(എ) സാമുദായിക സ്ഥാപനങ്ങൾക്കു് ഗവൺമെണ്ടിൽ നിന്നു നേരിട്ടു് ആഫീസുകൾ സ്ഥാപിച്ചുകൊടുക്കുന്ന സമ്പ്രദായത്തിന്റെ ഔചിത്യത്തെയും, ആവശ്യത്തെയും പറ്റി ഗവൺമെൻറു് സംശയിയ്ക്കുന്നു.

(ബി) അധഃകൃത സമുദായങ്ങളുടെ സാമുദായികമായ സമുന്നമനവും അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശപരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടു്. ഈ സ്ഥിതിക്കു് ഒരു സംഘടനാസിക്രട്ടറിയെ പ്രത്യേക അലവൻസു കൊടുത്തു നിയമിയ്ക്കേണ്ട അത്യാവശ്യകത കാണുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി അവരുടെ സംരക്ഷണാർത്ഥം ഗവൺമെൻറിൽ നിന്നും എന്തു സംഘടനയാണു് ഇതുവരേയും നടത്തിട്ടുള്ളതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതിൽ ആദ്യം എനിയ്ക്കു പറയുവാനുള്ളതു് ഈ ഡിപ്പാർട്ടുമെൻറു് ഇപ്പോൾ നടത്തിവരുന്ന സംഗതികളൊന്നും ഞാൻ വന്നതിനു ശേഷം ചെയ്തിട്ടുള്ളതല്ല. എനിയ്ക്കു മുമ്പുണ്ടായിരുന്നവർ ചെയ്തുകൊടുത്തിട്ടുള്ളവയാണു്. പിന്നെ ഈ കാളനായിൽ ഉണ്ടായിട്ടുള്ള പുതിയ സിസ്റ്റം ഞാൻ വ

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനു ശേഷം ആരംഭിച്ചിട്ടുള്ളതാണ്. അതിന്റെ ഉദ്ദേശം തന്നെ അവരിലും ലൌകീകവിഷയങ്ങൾ അഭ്യസിപ്പിയ്ക്കുന്നതിനായിട്ടാകുന്നു. അതായതു് അവക്കു താമസിയ്ക്കുവാനായിട്ടുള്ള സ്ഥലം ഗവണ്മെന്റിൽ നിന്നും കൊടുക്കുക, ഭജനമഠങ്ങൾ ഉണ്ടാക്കി കൊടുക്കുക, അവക്കു എറണാകുളത്തു ഒരു സ്ഥലം ഉണ്ടാക്കി കൊടുക്കുക ഇതാണ് ഇന്നു ഗവണ്മെന്റിൽ നിന്നും ചെയ്തിട്ടുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു് അധഃകൃതസമുദായത്തിന്റെ സംഘടനയുണ്ടാക്കുവാൻ വേണ്ടിയാണോ ചെയ്തിട്ടുള്ളതു്? അങ്ങിനയോണെങ്കിൽ അതൊരു സംഘടനയെന്നുള്ള രീതിയിൽ ആയിട്ടില്ല. ആ രീതിയിലാക്കുവാൻ വല്ല വിരോധവുമുണ്ടോ?

മിസ്റ്റർ ഐ എൻ. മേനോൻ.—ഇപ്പോൾ ചില്ലറയായിട്ടേ നടത്തിവരുന്നുള്ളു. ഒന്നായിട്ടു് ഒരു സംഘടന ഇതുവരെ ചെയ്തിട്ടില്ല.

Concession—Depressed Class students.

421. മിസ്റ്റർ കെ. പി. വള്ളോൻ.—(എ) അധഃകൃത വിദ്യാർത്ഥികൾക്കു ഗവണ്മെന്റിൽനിന്നു കൊല്ലത്തിൽ ഏ വസ്തുക്കൾ കൊടുക്കുന്നതു മുന്നാക്കിത്തീർക്കുവാൻ വിരോധമുണ്ടോ;

(ഏ) ടി വിദ്യാർത്ഥികൾക്കു് ഉച്ചയ്ക്കു് ഭക്ഷണത്തിനും മറ്റുമായി കൊടുക്കുന്ന പണം മുഴുവൻ കിട്ടായ്കയാൽ ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയാതിരിക്കുന്നതെന്തുകൊണ്ടു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—(എ) ഇതിനെ സംബന്ധിച്ചു ആലോചിക്കുന്നതാണ്.

(ഏ) ഈ സംഗതിയിൽ ഉണ്ടാകുന്ന ആക്ഷേപങ്ങൾക്കു വേണ്ട നടപടികൾ നടത്തുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.— ഈ അധഃകൃത വിദ്യാർത്ഥികൾക്കു് ഉച്ചഭക്ഷണത്തിനു കൊടുക്കുന്ന സംഖ്യകൾ ശരിയായി കിട്ടിവരുന്നില്ലെന്നു ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടു്. അതിനെ കുറിച്ചു് ഗവണ്മെന്റിൽ നിന്നും എന്തു നടപടി നടത്തിയെന്നു പറഞ്ഞുകേട്ടാൽ കൊള്ളാം.

മിസ്റ്റർ ഐ. എൻ. മേനോൻ.—സാധാരണയായിട്ടു് ഈ വക കാര്യങ്ങൾ ഗവണ്മെന്റിന്റെ മുമ്പാകെ വന്നാൽ അതിനെയെല്ലാം സ്വീകരിച്ചു് അനുഗ്രഹിയ്ക്കുവാൻ ശക്തിയില്ല. അപ്രകാരം ചെയ്യുന്നവരെ നിഗ്രഹിയ്ക്കുവാനേ തരമുള്ള. ഒന്നുരണ്ടു തവണ ഇങ്ങിനെ ചെയ്തവരെ പ്രത്യേകം ശിക്ഷിച്ചിട്ടുണ്ടു്. എന്നാൽ ശിക്ഷയ്ക്കു ശേഷവും, ഇപ്പോൾ തന്നെയും അങ്ങിനെ നടക്കുന്നില്ലെന്നു പറയുവാൻ ഞാൻ തയ്യാറില്ല. എപ്പോഴെങ്കിലും ഈ വക അധർമ്മങ്ങൾക്കു കാരണക്കാരാകരുതെന്നു് പ്രത്യേകം ഘോഷിച്ചിട്ടുണ്ടു്. അതിനു ശേഷം അവർ ഈ മാതിരി പരാതികൾക്കിടവരുന്ന അധർമ്മങ്ങൾ വരുത്തിവയ്ക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly